# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 2247

26.03.2013ൽ

മറുപടിക്ക്.

### കേരളാ ഗെയിൽ ഗ്യാസ് ലിമിറ്റഡ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി.ശശി | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവിദ്യയും<br>വകുപ്പുമന്ത്രി) |
| എ) കേരളാ ഗെയിൽ ഗ്യാസ് ലിമിറ്റഡ് കമ്പനിയുടെ കീഴിൽ സപ്ലിമെന്ററി ഗ്യാസ് ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതി നടപ്പിലാക്കുന്നതിന് 2012-2013 ലെ ബജറ്റിൽ വകയിരുത്തിയ പന്ത്രണ്ട് കോടി രൂപയിൽ എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ; | എ) | ഈ പദ്ധതിക്കായി 2012-2013 ബജറ്റിൽ വകയിരുത്തിയിരുന്ന 12.21 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുക റിലീസ് ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ നടന്നുവരുകയാണ്. ഈ പദ്ധതിക്കായി കെ.എസ്.ഐ.ഡി.സി ഇതിനോടകം 230.40 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) നാളിതുവരെ ചെലവഴിച്ച തുക വിനിയോഗിച്ച് എന്തൊക്കെ നടപടികളാണ് ഈ പദ്ധതി നടപ്പാക്കുവാൻ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ? | ബി) | കേരള ഗെയിൽ ഗ്യാസ് ലിമിറ്റഡ് കെ.എസ്.ആർ.ടി.സി ബസ്സുകൾക്കുവേണ്ടി സി.എൻ.ജി. സ്റ്റേഷനുകളും ഗ്യാസ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടും പാലക്കാട് പവർ ജനറേഷൻ യൂണിറ്റും തുടങ്ങുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. കെ.എസ്.ആർ.ടി.സിയ്ക്കായി ഒരു സി.എൻ.ജി സ്റ്റേഷനും സപ്ലിമെന്ററി ഗ്യാസ് ഇൻഫ്രാസ്ട്രക്ചറിനായി മദർ സ്റ്റേഷൻ തുടങ്ങുവാൻ സ്ഥലമെടുക്കുന്നതിനും ഗ്യാസ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനും വേണ്ടിയുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ